# പതിമ്മൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3303

## 14.07.2015- ലെ മറുപടിക്ക്

### ആസ്തി വികസന ഫണ്ട്

| ചോദ്യം<br>**ശ്രീ. കെ. രാധാകൃഷ്ണൻ** | ഉത്തരം<br>**ശ്രീ. കെ.എം.മാണി**<br>**(ധനകാര്യവും നിയമവും ഭവന നിർമ്മാണവും** വകുപ്പ് മന്ത്രി) |
|---|---|
| (എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതായ പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;<br><br>(ബി) ആസ്തിവികസന ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളിലെ കാലതാമസം ഒഴിവാക്കാനും കൂടുതൽ സുതാര്യമാക്കാനും തയ്യാറാകുമോ? | എം.എൽ.എ മാരുടെ നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയ ക്രമം നിശ്ചയിച്ചു കൊണ്ട് 28.12.2012 ലെ സർക്കുലർ നം. 73/2012/ധന പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പ് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത പത്ത് ദിവസത്തിനുള്ളിൽ തന്നെ ഭരണാനുമതി നൽകണമെന്ന് ടി സർക്കുലറിൽ നിർദ്ദേശിക്കുന്നു. കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനാനുമതി ത്വരിതപ്പെടുത്തു ന്നതിനുള്ള അടിയന്തിര നടപടികളുടെ ഭാഗമായി ധനകാര്യ (നോഡൽ-സി) വകുപ്പിന് രൂപം നൽകി യിട്ടുണ്ട്. ഭരണാനുമതി കാലതാമസം കൂടാതെ പുറ പ്പെടുവിക്കുന്നതിനുള്ള കർശന നിർദ്ദേശം ഭരണ വകുപ്പുകൾക്ക് നല്കുന്നതാണ്. |

Sreekumar K

സെക്ഷൻ ഓഫീസർ